## പ്രധാനവാർത്തകൾ

1. ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയുടെ പാർലമെൻറ് ജനങ്ങൾക്ക് മാതൃകയാകണമെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ.

2. 15-ാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനം നാളെ പുനഃരാരംഭിക്കും.

3. 'കേരള കെയർ' പാലിയേറ്റീവ് കെയർ ഗ്രിഡ് മുഖ്യമന്ത്രി പിണറായി വിജയൻ നാളെ നാടിന് സമർപ്പിക്കും.

4. സംസ്ഥാനത്ത് ഈ അധ്യയന വർഷത്തെ **SSLC**, ഹയർസെക്കൻഡറി പരീക്ഷകൾക്ക് നാളെ തുടക്കം.

5. കോഴിക്കോട് താമരശ്ശേരിയിൽ വിദ്യാർത്ഥി കൊല്ലപ്പെട്ട സംഭവത്തിൽ നിർണായക തെളിവുകൾ കണ്ടെത്തി പോലീസ്, പ്രതികളായ വിദ്യാർത്ഥികൾക്ക് പത്താം ക്ലാസ് പരീക്ഷ എഴുതാൻ അനുമതി.

6. രഞ്ജി ട്രോഫി ക്രിക്കറ്റിൽ കേരള - വിദർഭ ഫൈനൽ മത്സരം സമനിലയിൽ, കിരീടം വിദർഭയ്ക്ക്.

&&&&&&&&&&&&&&&&

ഉപരാഷ്ട്രപതി (ഇൻട്രോ)

RNU TVPM

ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയുടെ പാർലമെൻറ് ജനങ്ങൾക്ക് മാതൃകയാകണമെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ. ജനങ്ങളുടെ അഭിലാഷങ്ങൾ യാഥാർത്ഥ്യമാക്കേണ്ട ഇടമാണ് പാർലമെൻറ് എന്നും ഉപരാഷ്ട്രപതി പറഞ്ഞു. തിരുവനന്തപുരത്ത് കവടിയാർ ഉദയ് പാലസ്സ് കൺവെൻഷൻ സെൻററിൽ നാലാമത് പി പരമേശ്വരൻ അനുസ്മരണ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറും പരിപാടിയിൽ പങ്കെടുത്തു.

(ഹോൾഡ് വോയ്സ്.....)

&&&&&&&&&&&&&&&&

**നിയമസഭാ സമ്മേളനം**

15-ാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനം നാളെ പുനഃരാരംഭിക്കും. സർവകലാശാല നിയമഭേദഗതി ബില്ലും സ്വകാര്യ സർവകലാശാല ബില്ലും നാളെ സഭ പരിഗണിക്കും. ബജറ്റ് ചർച്ചകൾ പൂർത്തിയാക്കി കഴിഞ്ഞ മാസം 17 നാണ് നിയമസഭ പിരിഞ്ഞത്.

&&&&&&&&&&&&&&&&

**കേരള കെയർ**

'കേരള കെയർ' പാലിയേറ്റീവ് കെയർ ഗ്രിഡ് മുഖ്യമന്ത്രി പിണറായി വിജയൻ നാളെ നാടിന് സമർപ്പിക്കും. തിരുവന്തപുരത്ത് നടക്കുന്ന പരിപാടിയിൽ ആരോഗ്യ മന്ത്രി വീണാ ജോർജ്, തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എംബി രാജേഷ് എന്നിവർ സന്നിഹിതരാകും. സർക്കാർ, സന്നദ്ധ മേഖലകളിൽ പ്രവർത്തിക്കുന്ന മുഴുവൻ പാലിയേറ്റീവ് കെയർ യൂണിറ്റുകളേയും ഉൾക്കൊള്ളിച്ചു കൊണ്ടാണ്

RNUTVPM

പാലിയേറ്റീവ് കെയർ ഗ്രിഡ് രൂപീകരിച്ചിരിക്കുന്നതെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു.

**&&&&&&&&&&&&&&&&&&**

**എസ്.എസ്.എൽ.സി പരീക്ഷ**

സംസ്ഥാനത്ത് ഈ അധ്യയന വർഷത്തെ SSLC, ഹയർസെക്കൻഡറി പരീക്ഷകൾക്ക് നാളെ തുടക്കം. നാല് ലക്ഷത്തി 27,021 വിദ്യാർത്ഥികളാണ് ഇത്തവണ SSLC പരീക്ഷ എഴുതുന്നത്. ഇത്തവണ ഗൾഫ് മേഖലയിൽ 682 കുട്ടികളും, ലക്ഷദ്വീപ് മേഖലയിൽ 447 കുട്ടികളും പരീക്ഷ എഴുതുന്നുണ്ട്. ഹയർസെക്കൻഡറി പരീക്ഷകൾ ഉച്ചയ്ക്ക് ശേഷമാണ് നടക്കുക. എല്ലാ പരീക്ഷകളും മാർച്ച് 26 ന് അവസാനിക്കും. അതേസമയം പരീക്ഷ എഴുതുന്ന കുട്ടികൾക്ക് മന്ത്രി വി ശിവൻകുട്ടി വിജയാശംസകൾ നേർന്നു. ആത്മവിശ്വാസത്തോടെ പരീക്ഷയെ നേരിടണമെന്നും അദ്ദേഹം വിദ്യാർത്ഥികളോട് പറഞ്ഞു.

RNU TVPM

**&&&&&&&&&&&&&&&&&&**

**കോഴിക്കോട് മരണം**

കോഴിക്കോട് താമരശേരിയിൽ സ്കൂൾ വിദ്യാർഥികൾ തമ്മിലുള്ള സംഘർഷത്തിൽ പരുക്കേറ്റ ഒരു വിദ്യാർഥി മരിച്ച കേസിൽ പോലീസ് അന്വേഷണം തുടരുന്നു.. സംഭവ സമയത്ത് ഉപയോഗിച്ച നഞ്ചക്ക് പോലീസ് കണ്ടെടുത്തു ഡിജിറ്റൽ ഉപകരണങ്ങളും ശേഖരിച്ചു. സംഘർഷത്തോട് അനുബന്ധിച്ച് ഒബ്സർവർവേഷൻ ഹോമിലേക്ക് മാറ്റാൻ ജുവനൈൽ ജസ്റ്റീസ് ബോർഡ് ഉത്തരവിട്ട 5 വിദ്യാർഥികൾക്ക്. SSLC പരീക്ഷ എഴുതാനുള്ള അനുമതി

ബോർഡ് നൽകിരുന്നു. ഇതിനുള്ള ക്രമീകരണം ഒരുക്കുമെന്ന് അധികൃതർ പറഞ്ഞു.

&&&&&&&&&&&&&&&&

**ആശാവർക്കർ സമരം**

വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് സംസ്ഥാനത്തെ ആശാ വർക്കർമാർ സെക്രട്ടേറിയറ്റിനു മുന്നിൽ നടത്തുന്ന സമരം 21 ആം ദിവസത്തിലേക്ക് കടന്നു. പിന്തുണയുമായി കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി ഇന്നും സമരപ്പന്തൽ സന്ദർശിച്ചു. . ആശാവർക്കർമാർക്ക് കേന്ദ്ര സർക്കാരിന്റെ ഭാഗത്ത് നിന്ന് നേരിട്ടുള്ള ആനുകൂല്യ കൈമാറ്റം ഉൾപ്പെടെയുള്ള സഹായങ്ങൾ ലഭ്യമാക്കുമെന്ന് ശ്രീ സുരേഷ് ഗോപി ഉറപ്പ് നൽകി. അതേ സമയം സമരപ്പന്തലിൽ കെട്ടിയ ടാർപ്പോളിൻ ഷീറ്റ് പൊലീസ് അഴിച്ചുമാറ്റിയതിനെ തുടർന്ന് കുട ചൂടിക്കൊണ്ട് ആശാ വർക്കർമാർ പ്രതിഷേധിച്ചു. നാളെ നിയമസഭയിലേക്ക് പ്രതിഷേധ മാർച്ച് നടത്തുമെന്ന് ആശാ വർക്കർമാർ അറിയിച്ചു.

RNU TVPM

&&&&&&&&&&&&&&&&

**ആശാവർക്കർ സമരം- കോൺഗ്രസ് പ്രതിഷേധം**

തിരുവനന്തപുരത്ത് രാപ്പകൽ സമരം നടത്തുന്ന ആശാവർക്കർമാർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് കോൺഗ്രസിന്റെ നേതൃത്വത്തിൽ നാളെ സെക്രട്ടേറിയേറ്റിലേക്കും മറ്റുജില്ലകളിൽ കളക്ട്രേറ്റുകളിലേക്കും പ്രതിഷേധ പ്രകടനം നടത്തും. പ്രതിഷേധമാർച്ചിന്റെ സംസ്ഥാനതല ഉദ്ഘാടനം കണ്ണൂരിൽ കെപിസിസി അധ്യക്ഷൻ കെ.സുധാകരൻ എംപി

നിർവഹിക്കും. സെക്രട്ടേറിയറ്റിന് മുന്നിൽ പ്രതിപക്ഷനേതാവ് വി.ഡി.സതീശൻ പങ്കെടുക്കും.

&&&&&&&&&&&&&&&&

**എം ബി രാജേഷ്**

ലഹരിയെ സമൂഹം ഒറ്റക്കെട്ടായി നേരിടണമെന്ന് മന്ത്രി എം ബി രാജേഷ്. ലഹരിക്കെതിരായ ബോധവത്കരണ ക്യാമ്പെയിനിൽ കേരളത്തിൻറെ കൂട്ടായ പ്രവർത്തനം ആവശ്യമാണെന്നും മന്ത്രി തൃശ്ശൂരിൽ പറഞ്ഞു. ലഹരിക്കൊപ്പം, കുറ്റവാസനകളും കൂടുന്നുണ്ട്. ലഹരി മൂലവും അല്ലാതെയുമുള്ള അക്രമവാസനയ്ക്കെതിരെ പ്രവർത്തിക്കണമെന്നും മന്ത്രി മാധ്യമപ്രവർത്തകരോട് പറഞ്ഞു.

RNU TVPM

&&&&&&&&&&&&&&&&

**മഴ**

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ ഇടത്തരം മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലകളിൽ ഇടത്തരം മഴയ്ക്കും, മണിക്കൂറിൽ 40 കിലോമീറ്റർ വേഗതയിൽ ശക്തമായ കാറ്റിനും സാധ്യതയുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഇന്ന് രാവിലെ മുതൽ തുടർച്ചയായി മഴയാണ് ലഭിക്കുന്നത്. ലക്ഷദ്വീപ് തീരത്ത് ശക്തമായ കാറ്റിന് സാധ്യതയുള്ളതിനാൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

&&&&&&&&&&&&&&&&

**ഗതാഗത നിയമലംഘനം- (ഇൻട്രോ)**

റോഡ് നിയമ ലംഘനങ്ങൾക്കെതിരെ കണ്ണൂരിൽ ഗതാഗാത വകുപ്പ് കർശന നടപടി ആരംഭിച്ചു. മധ്യവേനലവധിയോടനുബന്ധിച്ച് സ്കൂൾ വിദ്യാർഥികൾ റോഡിൽ നിയന്ത്രണമില്ലാതെ ആഘോഷങ്ങൾ നടത്തുന്നതിനെതിരെ പരിശോധനയും തുടങ്ങി.

**വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ....**

(വോയിസ്)

**&&&&&&&&&&&&&&&&**

**കണ്ണൂർ-കാട്ടുപന്നി ആക്രമണം**

കണ്ണൂർ പാനൂരിനടുത്ത് വള്ള്യായിയിൽ കാട്ടുപന്നിയുടെ ആക്രമത്തിൽ ഒരാൾ മരിച്ചു. കർഷകനായ ശ്രീധരനാണ് മരിച്ചത്. സംഭവത്തെക്കുറിച്ച് കൂടുതൽ അന്വേഷിച്ച് നടപടി സ്വീകരിക്കുമെന്ന് മന്ത്രി എകെ ശശീന്ദ്രൻ മാധ്യമങ്ങളോട് പറഞ്ഞു.

RNUTVPM

**&&&&&&&&&&&&&&&&**

**കൊല്ലം- കാട്ടുപന്നി ആക്രമണം**

കൊല്ലം ആനയടിയിൽ കാട്ടുപന്നിയുടെ ആക്രമണത്തിൽ വയോധികൻ്റെ കാലൊടിഞ്ഞു. ആനയടി സ്വദേശി ഡാനിയലിനാണ് പരിക്കേറ്റത്. പശുവിന് തീറ്റപ്പുല്ല് ശേഖരിക്കവേ ആയിരുന്നു കാട്ടുപന്നിയുടെ ആക്രമണം. .

**&&&&&&&&&&&&&&&&**

**കുംഭഭരണി- ആലപ്പുഴ (ഇൻട്രോ)**

ആലപ്പുഴ ജില്ലയിലെ പ്രസിദ്ധമായ ചെട്ടികുളങ്ങര കുംഭ ഭരണിക്കുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ രവികുമാർ.....**

(വോയിസ്)

**&&&&&&&&&&&&&&&&**

**രഞ്ജി ട്രോഫി**

രഞ്ജി ട്രോഫി ക്രിക്കറ്റ് കിരീടം വിദർഭയ്ക്ക്. 74 വർഷത്തിനിടെ ആദ്യമായി ഫൈനൽ കളിച്ച കേരളത്തിൻറെ പ്രതീക്ഷകൾ അവസാനിച്ചു. കലാശപ്പോരാട്ടം സമനിലയിൽ അവസാനിച്ചതോടെ ഒന്നാം ഇന്നിങ്സ് ലീഡിന്റെ ആനുകൂല്യത്തിൽ വിദർഭയെ വിജയികളായി പ്രഖ്യാപിക്കുകയായിരുന്നു. ഒന്നാം ഇന്നിങ്സിൽ 37 റൺസിന്റെ ലീഡ് ആണ് വിദർഭയ്ക്ക് ലഭിച്ചിരുന്നത്. അഞ്ചാം ദിനമായ ഇന്ന് വിദർഭ രണ്ടാം ഇന്നിങ്സിൽ ഒമ്പത് വിക്കറ്റ് നഷ്ടത്തിൽ 375 റൺസ് എടുത്തു നിൽക്കെ മൽസരം നേരത്തേ അവസാനിപ്പിക്കുകയായിരുന്നു.

RNU TVPM

**&&&&&&&&&&&&&&&&**

**ചാമ്പ്യൻസ് ട്രോഫി**

ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിൽ, ദുബായിൽ നടക്കുന്ന അവസാന ഗ്രൂപ്പ് എ ഏകദിന മത്സരത്തിൽ ഇന്ത്യയ്ക്കെതിരെ ന്യൂസിലൻഡിന് 250 റൺസ് വിജയലക്ഷ്യം. ടോസ് നേടിയ ന്യൂസിലൻഡ് ഫീൽഡിംഗ് തിരഞ്ഞെടുക്കുകയായിരുന്നു. ഇന്ത്യ നിശ്ചിത ഓവറിൽ 9 വിക്കറ്റ് നഷ്ടത്തിൽ 249 റൺസ് നേടി. 79 റൺസ്

എടുത്ത ശ്രേയസ് അയ്യരാണ് ടോപ് സ്കോറർ. വിരാട് കോഹ്‌ലിയുടെ 300-ാാം ഏകദിനമാണ് ഇന്നത്തേത്. മറുപടി ബാറ്റിങ്ങിനിറങ്ങിയ ന്യൂസിലൻസ് ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ഒരു ഓവറിൽ 4 റൺ നേടിയിട്ടുണ്ട്..

&&&&&&&&&&&&&&&&

ഐഎസ്‌എൽ

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് ഈസ്റ്റ് ബംഗാൾ എഫ്.സി.-ബംഗളൂരു എഫ്.സിയെ നേരിടും. രാത്രി 07.30 ന് കൊൽക്കത്തെയിലെ സാൽട്ട് LAKE സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&&&&

RIJU TVPM

സ്വർണ്ണ വില

സ്വർണ്ണ വിലയിൽ മാറ്റമില്ല. പവന് 63,520 രൂപയും, ഗ്രാമിന് 7,940 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&

മണ്ടയ്ക്കാട് ഉത്സവം

പ്രശസ്തമായ മണ്ടയ്ക്കാട് ഭഗവതി അമ്മൻ ക്ഷേത്രത്തിലെ വാർഷിക കൊട മഹോത്സവത്തിന് കൊടിയേറി. പശ്ചിമ ബംഗാൾ ഗവർണർ സി.വി ആനന്ദ ബോസ് ചടങ്ങിൽ സംബന്ധിച്ചു. തെക്കൻ ജില്ലകളിൽ നിന്ന് ആയിരക്കണക്കിന് ഭക്തരാണ് ഉത്സവനാളുകളിൽ മണ്ടയ്ക്കാട്ടെത്തുക. കെഎസ്ആർടിസിയും തമിഴ്നാട് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനും തിരുവനന്തപുരത്തേക്കും തിരിച്ചും പ്രത്യേക ബസ് സർവീസ് നടത്തുന്നുണ്ട്.

&&&&&&&&&&&&&&&&

**പോസ്റ്റൽ കവർ കോഴിക്കോട്**

രാജ്യത്താദ്യമായി യുനെസ്കോ സാഹിത്യനഗരി പദവി നേടിയ കോഴിക്കോടിനോടുള്ള ആദര സൂചകമായി തപാൽ വകുപ്പിൻറെ സ്പെഷ്യൽ കവർ. പോസ്റ്റൽ കലാമേളയുടെ ഉദ്ഘാടന ചടങ്ങിൽ ഉത്തര മേഖല പോസ്റ്റുമാസ്റ്റർ ജനറൽ സയ്യിദ് റഷീദ് കവർ പ്രകാശനം ചെയ്യും. പ്രധാനപ്പെട്ട സംഭവങ്ങളെയും സ്ഥാപനങ്ങളെയും മൺമറഞ്ഞ പ്രമുഖ വ്യക്തിത്വങ്ങളെയും ആദരിക്കുന്നതിൻറെ ഭാഗമായാണ് തപാൽ വകുപ്പ് ഇത്തരത്തിലുള്ള സ്പെഷ്യൽ കവർ ഇറക്കുന്നത്.

&&&&&&&&&&&&&&&&

&&&&&&&&&

&&&

RNU TVPM